"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - എൻ.സി.ഡി.പി ഇടുക്കി രണ്ടാം ഘട്ടം - പി ഐ റ്റി വിഹിതം അനുവദിക്കുന്നത് -രണ്ടാം ഗഡു തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.101/2026/Co-Op തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:-

1. 29/11/2013ലെ എൻ സി ഡി സി :3-12(16)2010-ICDP/159/A130026 നം. കത്ത്.
2. സ.ഉ.(സാധാ) നം.430/2018/സഹ തീയതി 14/07/2018
3. സ.ഉ.(സാധാ)നം.567/2020/സഹ തീയതി 04/11/2020
4. 17/12/2024 ലെ ഡി ഓ ലെറ്റർ നം.എൻ സി ഡി സി 3-1285-ഐ സി ഡി പി നം കത്ത്.
5. സ.ഉ (സാധാ) നം. 133/2025/സഹ തീയതി 11/03/2025
6. സഹകരണ സംഘം രജിസ്ട്രാറുടെ 20/01/2026 ലെ ആർ.സി.എസ്/199/25/ഐ സി ഡി പി നം കത്ത്
7. സർക്കുലർ നം 35/2024/ധന തീയതി 12/06/2024

**ഉത്തരവ്**

ഐ.സി.ഡി.പി ഇടുക്കി രണ്ടാം ഘട്ട പദ്ധതിയ്ക്ക് 6,192.50 ലക്ഷംരൂപ ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) കത്ത് പ്രകാരം എൻ.സി.ഡി.സി യുടെ അനുമതി ലഭിച്ചിരുന്നു. ടി ധനസഹായം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. സംസ്ഥാന സഹകരണ ബാങ്കിനെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസിയായി (പി ഐ എ) പരാമർശം (3) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പരാമർശം (4) കത്ത് പ്രകാരം ഐ.സി.ഡി.പി പദ്ധതിയുടെ അനുമതി കാലാവധി 31.03.2025

വരെ ദീർഘിപ്പിച്ച് ലഭ്യമായിട്ടുണ്ട്.

2. എൻ.സി.ഡി.സിയിൽ നിന്നും മുൻകൂറായി ലഭിച്ച എൻ.സി.ഡി.സി സബ്സിഡി വിഹിതവും സംസ്ഥാന വിഹിതവും പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ എജൻസി (പി.ഐ.എ) യ്ക്ക് അനുവദിച്ച് നൽകാവുന്നതാണ് എന്ന് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തതിൻ പ്രകാരം പദ്ധതി അടങ്കൽ തുകയിൽ പി.ഐ.എയ്ക്ക് അനുവദിക്കാൻ ബാക്കിയുള്ള 33,66,882/- രൂപ എൻ.സി.ഡി.സി സബ്സിഡി-2425-108-76(33) ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിന് ആവശ്യമായ പ്രപ്പോസൽ സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ചിരുന്നു. ആയതിൽ ആദ്യ ഗഡുവായി 17,50,100 രൂപ അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ബാക്കി തുകയായ 16,16,782/- രൂപ 2025-26 സാമ്പത്തികവർഷത്തിൽ അനുവദിച്ചു നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (6) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ.സി.ഡി.പി ഇടുക്കി രണ്ടാം ഘട്ട പദ്ധതിയ്ക്ക് പി. ഐ. റ്റി. വിഹിതമായി അനുവദിച്ച് നല്കാൻ അവശേഷിക്കുന്ന 16,16,782/- രൂപ (പതിനാറ് ലക്ഷത്തി പതിനാറായിരത്തിഎഴുന്നൂറ്റി എൺപത്തിരണ്ട് രൂപ മാത്രം) ധനസഹായം ചുവടെ പറയും പ്രകാരം 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ശീർഷകം | തുക |
|---|---|
| "2425-00-107-94-00-34-03 Implementation of Integrated Co Operative Development Project Financed by NCDC (State share) P-V | 16,16,782/-രൂപ |

4. പ്രസ്തുത തുക , പരാമർശം (7) സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/305/2022/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.(ബി3/4/2025/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 27-02-2026 15:36:25

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.